## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 85 27.6.2011-ൽ മറുപടിക്ക്

റാന്നി ടൗണിലെ ഗതാഗതകുരുക്ക് ഒഴിവാക്കാൻ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. രാജു എബ്രഹാം | | ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| എ) | പത്തനംതിട്ട ജില്ലയിലെ ഏറ്റവും വിസ്തൃതിയേറിയ റാന്നി ടൗണിലെ ഗതാഗതക്കുരുക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) | ശബരിമലയുടെ താലൂക്കാസ്ഥാനം കൂടിയായ റാന്നിയിൽ ശബരിമല സീസൺ കാലത്തുൾപ്പെടെ അനുഭവപ്പെടുന്ന ഗതാഗതസ്തംഭനം ഒഴിവാക്കുന്നതിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ; | ബി) ശബരിമല സീസണുകളിൽ ഗതാഗതക്കുരുക്ക് നിയന്ത്രിക്കുന്നതിനായി റാന്നി പോലീസ് സ്റ്റേഷനിലെ പോലീസ് ഉദ്യോഗസ്ഥരെ കൂടാതെ പത്തനംതിട്ട എ.ആർ.ക്യാമ്പിൽ നിന്നും ട്രാഫിക് കൺട്രോൾ ഡ്യൂട്ടിക്കായി പോലീസ് ഉദ്യോഗസ്ഥരെ നിയമിച്ചു വരുന്നു. |
| സി) | റാന്നി ടൗണിൽ പുതിയ ട്രാഫിക് പോലീസ് യൂണിറ്റ് ആരംഭിക്കുവാൻ വേണ്ടി അനുകൂല തീരുമാനം കൈക്കൊള്ളുമോ; | സി) റാന്നി ടൗണിൽ പുതിയ ട്രാഫിക് പോലീസ് യൂണിറ്റ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

(ഡി) പോലീസ് ഹൗസിംഗ് കോർപ്പറേഷന്റെ ചുമതലയിൽ റാന്നി പോലീസ് സ്റ്റേഷനോട് ചേർന്ന് പുതിയ കെട്ടിടം നിർമ്മിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരുന്നത്;

(ഇ) ഈ പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ;

(എഫ്) നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ?

(ഡി), (ഇ), (എഫ്) പത്തനംതിട്ട ജില്ലയിൽ റാന്നിയിൽ ഒരു സർക്കിൾ ഇൻസ്പെക്ടർ ഓഫീസ്, വിസിറ്റേഴ്സ് റൂം, പോലീസ് സ്റ്റേഷന്റെ എക്സ്റ്റെൻഷൻ എന്നിവ നിർമ്മിക്കുന്നതിനായി നിലവിൽ 14 ലക്ഷം രൂപ എം.ഒ.പി.എഫ് പദ്ധതി പ്രകാരം അനുവദിച്ചിട്ടുള്ളതിനാൽ ഒന്നാംഘട്ടമായി 142 ച.മീ.വിസ്തീർണ്ണമുള്ള രണ്ടു നില കെട്ടിടം, സർക്കിൾ ഓഫീസ്, വിസിറ്റേഴ്സ് മുറി, പോലീസ് സ്റ്റേഷൻ എക്സ്റ്റെൻഷൻ എന്നിവ പണിയുവാനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടറുകൾ ക്ഷണിച്ചിട്ടുള്ളതും ടെണ്ടറുകൾ അംഗീകരിക്കുന്ന മുറയ്ക്ക് പൊതുമരാമത്ത് വകുപ്പു മാനദണ്ഡങ്ങൾക്കനുസരിച്ച് നിർമ്മാണ ജോലികൾ എത്രയും വേഗം ആരംഭിക്കുന്നതുമാണ്.

സെക്ഷൻ ഓഫീസർ